**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** **29-01-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരിയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ, ഹൗസിംഗ് ബോർഡ് ചെയർമാൻ എന്നിവർ പങ്കെടുത്ത 9.2.2023-ലെ യോഗതീരുമാനപ്രകാരം എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഭക്ഷ്യവും പൊതുവിതരണ ഉപഭോക്തൃ കാര്യവും വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.02.2023-ന് നടന്ന യോഗത്തിൽ തീരുമാനിച്ച പ്രകാരം, പ്രസ്തുത സ്ഥലം ഗോഡൗൺ നിർമ്മിക്കുന്നതിനാവശ്യമായ specifications പ്രകാരം അനുയോജ്യമാണോയെന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുവാൻ പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ, രണ്ടു വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിൽ നിലനിർത്തിക്കൊണ്ട് ഗോഡൗൺ നിർമ്മാണത്തിനായി മാത്രം ഭൂമിയുടെ ഉപയോഗാനുമതിയും കൈവശാനുഭവവും കൈമാറി നല്കണമെന്നാവശ്യപ്പെട്ട് പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമർപ്പിച്ച ശുപാർശയിന്മേൽ 'Lease Out' വ്യവസ്ഥയിൽ മാത്രം ഗോഡൗൺ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിഷയത്തിൽ തുടർ നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥലം സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് താലൂക്ക് സപ്ലൈ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത സ്ഥലം എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുവാൻ അനുയോജ്യമാണെന്ന് കോട്ടയം ജില്ലാ സപ്ലൈ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ മാതൃഭാഷ

**ജില്ലാ സപ്ലൈ ആഫീസ്, കോട്ടയം**
**സിവിൽ സ്റ്റേഷൻ, കളക്ടറേറ്റ്.പി.ഒ, കോട്ടയം-686 002**
**ഫോൺ : 0481 – 2560371**
**ഇ-മെയിൽ : dsoktm1@gmail.com**

കേരളത്തിന്റെ ഭക്ഷ്യഭദ്രത

തീയതി: 17-03-2023

പ്രേഷകൻ :

ജില്ലാ സപ്ലൈ ഓഫീസർ
കോട്ടയം

സ്വീകർത്താവ് :

പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം :- പൊതുവിതരണം - കോട്ടയം ജില്ല - NFSA Godown നിർമ്മാണം - ചങ്ങനാശേരി താലൂക്ക് - Housing Board-ന്റെ സ്ഥലം സംബന്ധിച്ച്.

സൂചന :- 1,അങ്ങയുടെ 16/03/2023-ലെ CCS/7417/2022-D4 നമ്പർ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ജില്ലയിൽ ഹൗസിംഗ് ബോർഡിൻറെ ഉടമസ്ഥയിലുള്ള സ്ഥലങ്ങൾ കണ്ടെത്തി ആയതു NFSA ഗോഡൗൺ നിർമ്മിക്കുന്നതിന് അനിയോജ്യമാണോയെന്നത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ ഹൗസിംഗ് ബോർഡിൻറെ ഉടമസ്ഥയിലുള്ള സ്ഥലത്ത് ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഭക്ഷ്യവും, ഉപഭോക്തൃകാര്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ശ്രീ.ജോബ് മൈക്കിൾ , MLA യുടെ സാനിധ്യത്തിൽ 09/02/2023 ന് നടന്ന യോഗത്തിലെ തീരുമാനപ്രകാരം ഹൗസിംഗ് ബോർഡിൻറെ ഉടമസ്ഥയിലുള്ള സ്ഥലങ്ങൾ ഗോഡൗൺ നിമ്മിക്കുവാൻ ആവശ്യമായ Specification പ്രകാരം അനിയോജ്യമാണോ എന്ന് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. ആയതനുസരിച്ച് കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ ഹൗസിംഗ് ബോർഡിൻറെ ഉടമസ്ഥയിലുള്ള 70 സെൻറ് സ്ഥലം 20 വർഷത്തിലധികമായി യാതൊരു നിർമ്മാണപ്രവർത്തനങ്ങളുമില്ലാതെ കിടക്കുകയാണെന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം നേരിൽ കണ്ടു പരിശോധിക്കുകയും ചെയ്തിരുന്നു.



Generated from eOffice by RAHUL.M, D1 CCS, D1 CCS, CCS on 23/01/2024 10:35 AM

ചങ്ങനാശ്ശേരി താലൂക്കിൽ MC റോഡിൻറെ പടിഞ്ഞാറ് വശവും, KSRTC ബസ്സ് സ്റ്റേഷനിൽ നിന്നും ഏകദേശം 500 മീറ്റർ മാറി KSHB ഉടമസ്ഥതയിലുള്ള റവന്യൂ ടവറിനു സമീപത്തായാണ് നിർദിഷ്ട സ്ഥലം സ്ഥിതി ചെയ്യുന്നത്. ടി സ്ഥലത്തുനിന്നും 50 സെൻറ് സ്ഥലം ലഭ്യമായാൽ NFSA ഗോഡൗൺ നിർമ്മാണത്തിന് അനിയോജ്യമാണെന്ന് കാണുന്നു. പ്രസ്തുത സ്ഥലത്തിന് കിഴക്ക് ഭാഗം ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം, വടക്ക് ഭാഗം മെത്രോപ്പൊലിത്താപള്ളിവക റോഡ് , പടിഞ്ഞാറുവശം സ്വകാര്യവ്യക്തിയുടെ സ്ഥലം , തെക്ക് ഭാഗം റവന്യൂ ടവർ. ചങ്ങനാശ്ശേരി മാർക്കറ്റിൽ നിന്നും ഏകദേശം അരകിലോ മീറ്ററിനുള്ളിലാണ് ടി വസ്തു സ്ഥിതിചെയ്യുന്നത്. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും, വന്നു പോകുന്നതിനും വളരെ സൗകര്യമുണ്ട്. ചിങ്ങവനം FCI യിൽ നിന്നും 14 കിലോ മീറ്റർ മാത്രമാണ് പ്രസ്തുത സ്ഥലവുമായുള്ളത്. ആയതിനാൽ ടിസ്ഥലം NFSA ഗോഡൗൺ നിർമ്മിക്കുവാൻ ഏറ്റവും അനിയോജ്യമാണന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

Signed by
Jayaprakash. V
Date: 17-03-2023 07:55:22

DISTRICT SUPPLY OFFICER-

**പകർപ്പ് :**

-



Generated from eOffice by RAHUL.M, D1 CCS, D1 CCS, CCS on 23/01/2024 10:35 AM